വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) ഈ കാലയളവിൽ റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഏതെല്ലാം തസ്തികകൾക്കാണ് ഇനി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിക്കാനുള്ളതെന്ന് പറയാമോ; വ്യക്തമായ വിവരം ലഭ്യാക്കുമോ?

ഓരോ വർഷവും ഒഴിവുകൾ പ്രതീക്ഷിക്കുന്ന തസ്തികകളിൽ മാത്രമാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ അല്ലെങ്കിൽ കാലാവധി അവസാനിച്ചയുടനെ പി.എസ്.സി. പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാറുള്ളത്. മറ്റ് തസ്തികകളുടെ വിജ്ഞാപനങ്ങൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അവസരങ്ങളിൽ മാത്രമാണ് പുറപ്പെടുവിച്ചുവരുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾ ഭേദഗതി

11 (11) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് നിയമനങ്ങൾ വിട്ടുനൽകിയിട്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം കാരണം ഏതെല്ലാം പൊതുമേഖലാ/ അർദ്ധസർക്കാർ/ബോർഡ്/കമ്പനി സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേന ഇപ്പോഴും നികത്താൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഏതെല്ലാം തീയതികളിലാണ് പി.എസ്.സി.-ക്ക് വിട്ടതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സ്പെഷ്യൽ റൂൾ ഭേദഗതിക്ക് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്ലാനിംഗ് (ബിപിഇ) വകുപ്പിൽനിന്ന് പുറപ്പെടുവിച്ച 8-9-2010-ലെ 11870/BPE.1/10/Plg, 8-8-2014-ലെ 10557/BPE.1/2014/Plg, എന്നീ സർക്കുലറുകളിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കേണ്ടത്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.)

(ഡി) സർക്കാർ പി.എസ്.സി.-ക്ക് വിട്ടുനൽകിയ നിയമനങ്ങളിൽ വർഷങ്ങൾക്കുശേഷവും സ്പെഷ്യൽ റൂൾ ഭേദഗതിക്ക് അനന്തമായ കാലതാമസമുണ്ടാകുന്നു

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകൾ അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ-ഓഫീസ് സംവിധാനം

12 (12) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയലുകൾ എളുപ്പത്തിൽ തീർപ്പാക്കുന്നതിനും ഓഫീസിലെത്താതെതന്നെ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ വകുപ്പുകളും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്തെ ഏത്ര വകുപ്പുകളാണ് ഇപ്പോൾ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, 43 ഡയറക്ടറേറ്റുകൾ, 8 കമ്മിഷണറേറ്റുകൾ, 14 കളക്ടറേറ്റുകൾ, 20 സബ് കളക്ടറേറ്റ്/ആർ.ഡി.ഒ ഓഫീസുകൾ, 15 താലൂക്ക് ഓഫീസുകൾ, ഇടുക്കി, വയനാട്, കോഴിക്കോട് ജില്ലകളിലെ വില്ലേജ് ഓഫീസുകൾ, 52 മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിയമനം, സ്ഥലം മാറ്റം ഉൾപ്പെടെയുള്ളവ കൈകാര്യം ചെയ്യുന്ന എസ്റ്റാബ്ലിഷ്മെന്റ് സോഫ്റ്റ്വെയർ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിയമനം, സ്ഥലം മാറ്റം ഉൾപ്പെടെയുള്ളവ ഇലക്ട്രോണിക് സംവിധാനത്തിലൂടെ കൈകാര്യം ചെയ്യുന്നതിനായി എസ്റ്റാബ്ലിഷ്മെന്റ് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

കോവിഡ് സാഹചര്യത്തിലെ ഓഫീസ് പ്രവർത്തനം

13 (13) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനത്തിൽവന്ന ക്രമീകരണംമൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly